22797
28/10/17

# കേരള സർക്കാർ

## സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് -രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിക്കാത്തതും നിലവിൽ പൂർണ ഹൈ സ്കൂളുകളായി സംസ്ഥാന സർക്കാർ ഉയർത്തിയ ഇടുക്കി,വയനാട്, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 28 സ്കൂളുകളിൽ പ്രഥമ അധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

പൊതു വിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ.(കൈ) നം 131 / 2017/ പൊ.വി.വ          തീയതി, തിരുവനന്തപുരം,24.10.2017

---

പരാമർശം:- 1) സ.ഉ(കൈ)നം.249/2013/ പൊ.വി.വ തീയതി 07.09.2013

2) സ.ഉ(കൈ)നം.187/2015/പൊ.വി.വ തീയതി 14.07.2015

3) സ.ഉ(കൈ)നം.264/2015/പൊ.വി.വ തീയതി 03.10.2015

4) സ.ഉ(കൈ)നം.173/2016/പൊ.വി.വ തീയതി 07.10.2016

5) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 29.08.2016, 23.05.2017, 01.06.2017, 25.07.2017 തീയതികളിലെ ഡി4/43714/2017/ഡി.പി.ഐ നമ്പർ കത്തുകൾ

## ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം"രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ" (ആർ.എം എസ്.എ )എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിരുന്ന ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 30 സ്കൂളുകളിൽ സംസ്ഥാന സർക്കാരിന്റെ ചെലവിൽ 8 -ാം ക്ലാസ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ സ്കൂളുകൾക്ക് കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ ആർ. എം. എസ്. എ. പദ്ധതിയിൽ ഉൾപ്പെടുത്തൻ കഴിഞ്ഞിട്ടില്ല. എന്നാൽ 2013 -14 അധ്യയന വർഷം 8 -ാം ക്ലാസ് ആരംഭിച്ച ടി സ്കൂളുകളിൽ 9 ,10 ക്ലാസ്സുകൾ കൂടി ഇപ്പോൾ പ്രവർത്തിച്ചു വരുന്നു. പരാമർശം (2),(3) ഉത്തരവുകൾ പ്രകാരം ഹൈസ്കൂളുകളായി ഉയർത്തിയ പ്രസ്തുത ഗവൺമെന്റ് സ്കൂളുകളിലേക്ക് ആവശ്യമായ വിവിധ തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും അംഗീകാരമില്ലാതെ തുടങ്ങിയ 9 ,10 ക്ലാസ്സുകൾക്കു സാധൂകരണം നൽകിയും ഉത്തരവായിരുന്നു. തുടർന്ന് ടി സ്കൂളുകളിലേയ്ക്ക് ആവശ്യമായ അധ്യാപക അനധ്യാപക തസ്തികകൾ സർക്കാർ സ്കൂളിലേത് പോലെ തന്നെ പരിഗണിച്ച് സ്റ്റാഫ് ഫിക്സേഷൻ നടത്തി സ്ഥലമാറ്റവും നിയമനവും നടത്താൻ പരമാർശം (4) ലെ ഉത്തരവ് പ്രകാരം ഉത്തരവായി. 30 സ്കൂളുകളെയാണ് ഹൈസ്കൂളുകളായി ഉയർത്തി ഉത്തരവായതെങ്കിലും കാസർഗോഡ് ജില്ലയിലെ ജി.യു.പി സ്കൂൾ അട്ടക്കത്ത്ബയലിൻ, വയനാട് ജില്ലയിലെ തിരുനെല്ലി സ്കൂൾ എന്നിവ അപ്ഗ്രേഡ് ചെയ്തിട്ടില്ല എന്ന് പരമാർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

എന്നാൽ ഹൈസ് ക്കൂളുകളായി ഉയർത്തിയ മേൽ പറഞ്ഞ സ് ക്കൂളുകളിൽ ഒന്നും തന്നെ ഹൈസ് ക്കൂൾ പ്രഥമ അധ്യാപക തസ്തിക അനുവദിച്ചിരുന്നില്ല എന്നും, ഹൈസ് ക്കൂളുകളായി ഉയർത്തിയ ടി സ് ക്കൂളുകളിലെ നിലവിലുള്ള പ്രൈമറി ഹെഡ്മാസ്റ്റർമാരെ പ്രൈമറി വിഭാഗം നിലനിർത്തി പ്രസ്തുത വിഭാഗത്തിന്റെ മേധാവിയായി തുടരാൻ അനുവദിക്കുകയാണുണ്ടായതെന്നും ആയതിനാൽ ഹൈസ് ക്കൂളുകളായി ഉയർത്തിയ മേൽ സ് ക്കൂളുകളിലെ ഭരണപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഹൈസ് ക്കൂൾ പ്രഥമ അധ്യാപകർ അത്യന്താപേക്ഷിതമാണെന്ന് സ് ക്കൂൾ പി.ടി.എ/സ് ക്കൂൾ അധികൃതരിൽ നിന്നും നിരന്തരം ആവശ്യം ഉയർന്നുകൊണ്ടിരിക്കുന്നതായും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ ഹൈസ്കൂളുകളിൽ പ്രഥമ അദ്ധ്യാപകരുടെ തസ്തിക അത്യന്താപേക്ഷിതമായതിനാൽ നിലവിൽ പ്രൈമറി വിഭാഗം കൈകാര്യം ചെയ്യുന്ന പ്രഥമ അധ്യാപകരെ അവർ റിട്ടയർ ചെയ്യുന്നതോടെ തസ്തിക ഇല്ലാതാകുകയും മറ്റുള്ളവരെ ഒഴിവുള്ള പ്രൈമറി വിഭാഗത്തിലേക്ക് മാറ്റി നിയമിക്കാവുന്നതാണെന്നും സെലക്ഷൻ ഗ്രേയ്ഡ് അധ്യാപകരുടെയും ഹൈസ്കൂൾ പ്രഥമ

അധ്യാപകരുടെയും ശമ്പള സ്കെയിൽ (39500 -83000 ) ഒന്നുതന്നെയാണെന്നും അതിനാൽ ടി സ്കൂളുകളിൽ ഹൈസ്കൂൾ അധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റിൽനിന്നും സ്ഥാനക്കയറ്റം വഴി ഹൈസ്കൂൾ പ്രഥമ അധ്യാപകരെ നിയമിക്കാവുന്നതുമാണെന്നും മേൽ സാഹചര്യത്തിൽ ടി സ് കൂളുകളിൽ ഹൈസ്കൂൾ പ്രഥമ അധ്യാപക തസ്തിക സൃഷ്ടിക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) ലെ കത്തുകളിലൂടെ അഭ്യർത്ഥിച്ചിട്ടുണ്ട്.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം യു.പി സ്കൂളുകളിലെ പ്രഥമ അധ്യാപക തസ്തിക അബോളിഷ് ചെയ്ത് ടി സ്കൂളുകളിലേയ്ക്ക് ആവശ്യമായ ഹൈസ്കൂൾ പ്രഥമ അധ്യാപക തസ്തിക സൃഷ്ടിക്കുമ്പോൾ പ്രതിവർഷം 17,58,848/- (പതിനേഴ് ലക്ഷത്തി അൻമ്പത്തി എണ്ണായിരത്തി എണ്ണൂറ്റി നാൽപത്തിയെട്ട്) രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നതാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അപ്ഗ്രേഡ് ചെയ്യപ്പെട്ട ഈ സർക്കാർ സ്കൂളുകളെല്ലാം തന്നെ പ്രൈമറി വിഭാഗവും ഹൈസ്കൂൾ വിഭാഗവും ഉൾപ്പെടുന്ന പൂർണ്ണ ഹൈസ്കൂളുകളാണ്. കെ.ഇ.ആറി ലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം പൂർണ്ണ ഹൈസ്കൂളുകളിൽ പ്രഥമ അധ്യാപക തസ്തിക അനുവദിക്കേണ്ടതാണ്. പ്രസ്തുത സാഹചര്യത്തിൽ ആർ എം എസ് എ പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്ര മാനവ വിഭവ ശേഷി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാത്ത ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിലെ 28 സ്കൂളുകളിൽ പ്രഥമ അധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. (സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. )

ഇപ്രകാരം സൃഷ്ടിക്കപ്പെടുന്ന പ്രഥമ അധ്യാപക തസ്തികകളിൽ ഹൈസ് കൂൾ അധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റിൽ നിന്നും സ്ഥാനക്കയറ്റം വഴി ഹൈസ് കൂൾ പ്രഥമ അധ്യാപകരെ നിയമിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഉഷ ടൈറ്റസ്
സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (EDN -A 3 / 140 / 2017 -FIN dated 10.08.2017 )
പൊതുഭരണ (എസ് സി ) വകുപ്പ് (19 .10 .2017 ലെ ഇനം നം 1505 മന്ത്രിസഭാ യോഗ നടപടി കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻ വകുപ്പ് (വെബ് സൈറ്റ് മുഖാന്തിരം പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Annexure to GO(MS) No. 131/2017/Gedn dt 24.10.17.

ജില്ല: ഇടുക്കി

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | റിമാർക്സ് |
|---|---|---|---|---|---|
| | | Std VIII | Std IX | Std X | |
| 1 | ജി.എച്ച്.എസ് മച്ചിപ്ലാവ് | 15 | 20 | 23 | |
| 2 | ജി.എച്ച്.എസ് വട്ടയാർ | 24 | 14 | 13 | |
| 3 | ജി.എച്ച്.എസ് കല്ലാർ | 7 | 6 | 7 | |
| 4 | ജി.എച്ച്.എസ് പെരിഞ്ചാൻകുട്ടി | 8 | 8 | 5 | |
| 5 | ജി.എച്ച്.എസ് ചെമ്മണ്ണ് | 12+2 (തമിഴ്) | - | - | |
| 6 | ജി.എച്ച്.എസ് ഖജനപ്പാറ | 5 (തമിഴ്) | - | - | |
| **ആകെ** | | **66+7 (തമിഴ്)** | **48** | **48** | |

ജില്ല: വയനാട്

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | റിമാർക്സ് |
|---|---|---|---|---|---|
| | | Std VIII | Std IX | Std X | |
| 1 | ജി.എച്ച്.എസ് പുളിഞ്ഞാൽ | 38 | 55 | 31 | |
| 2 | ജി.എച്ച്.എസ് ബീനാച്ചി | 85 | 97 | 54 | |
| 3 | ജി.എച്ച്.എസ് തേറ്റമല | 52 | 55 | 52 | |
| 4 | ജി.എച്ച്.എസ് കുറുമ്പാല | 43 | 23 | 28 | |
| 5 | ജി.എച്ച്.എസ് റിപ്പൺ | 69 | 59 | 80 | |
| ആകെ | | **287** | **289** | **245** | |

ജില്ല: പാലക്കാട്

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | റിമാർക്സ് |
|---|---|---|---|---|---|
| | | Std VIII | Std IX | Std X | |
| 1 | ജി.എച്ച്.എസ് അകലൂർ | 47 | 53 | 76 | |
| 2 | ജി.എച്ച്.എസ് നെച്ചുള്ളി | 64 | 45 | 59 | |
| 3 | ജി.എച്ച്.എസ് മാണിക്കപ്പറമ്പ | 77 | 66 | 58 | |
| ആകെ | | **188** | **164** | **193** | |

ജില്ല: മലപ്പുറം

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | റിമാർക്സ് |
|---|---|---|---|---|---|
| | | Std VIII | Std IX | Std X | |
| 1 | ജി.എച്ച്.എസ് ആതവനാട് പരിധി | 147 | 109 | 55 | |
| 2 | ജി.എച്ച്.എസ് കരിപ്പോൾ | 100 | 114 | 109 | |
| 3 | ജി.എച്ച്.എസ് ചേരിയം മങ്കട | 64 | 51 | 53 | |
| 4 | ജി.എച്ച്.എസ് ചാലിയപ്പുറം | 157 | 58 | 32 | |
| 5 | ജി.എച്ച്.എസ് കൊളപ്പുറം | 103 | 113 | 86 | |
| 6 | ജി.എച്ച്.എസ് അഞ്ചച്ചാവിടി | 120 | 134 | 119 | |
| 7 | ജി.എച്ച്.എസ് മരുത | 107 | 96 | 93 | |
| 8 | ജി.എച്ച്.എസ് നീലാഞ്ചേരി | 141 | 121 | 103 | |

| | | | | | |
|---|---|---|---|---|---|
| 9 | ജി.എച്ച്.എസ് നെടുവ | 116 | 91 | 83 | |
| 10 | ജി.എച്ച്.എസ് കുറുക | 95 | 101 | 61 | |
| 11 | ജി.എച്ച്.എസ് മീനടത്തൂർ | 123 | 191 | 159 | |
| 12 | ജി.എച്ച്.എസ് തൃക്കുളം | 267 | 222 | 203 | |
| ആകെ | | **1540** | **1401** | **1156** | |

ജില്ല: കാസർഗോഡ്

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | | റിമാർക്സ് |
|---|---|---|---|---|---|
| | | Std VIII | Std IX | Std X | |
| 1 | ജി.എച്ച്.എസ് കൂളിയാട് | 72 | 62 | 36 | |
| 2 | ജി.എച്ച്.എസ് ബാനം | 14 | 14 | 10 | |
| ആകെ | | **86** | **76** | **46** | |